I ഇ.ബി. XIII – കേരള നിയമസഭ/II-24

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 നവംബർ 03, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**തിരുത്തിയ ഉത്തരം**

**നക്ഷത്രചിഹ്നമിടാത്ത 1520-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

പന്ത്രണ്ടാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ 13-09-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1520-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിന്റെ (എ) പിരിവിനുള്ള തിരുത്തിയ ഉത്തരം ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**ചരമോപചാരം**

**എം.പി. ഗംഗാധരൻ, അഡ്വ. പി. അബ്ദുൾ മജീദ്, ടി. ഗോവിന്ദൻ എന്നിവരുടെ നിര്യാണം**

മുൻമന്ത്രിയും കോൺഗ്രസ്സ് നേതാവുമായ എം.പി. ഗംഗാധരൻ, മുൻ നിയമസഭാംഗമായ അഡ്വ. പി. അബ്ദുൾ മജീദ്, മുൻ ലോക്സഭാംഗമായ

ടി. ഗോവിന്ദൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

**<u>അടിയന്തരപ്രമേയം</u>**

**<u>ജാതിപറഞ്ഞ് ആക്ഷേപിച്ചതായി പറയപ്പെടുന്ന സംഭവം</u>**

<u>മി. സ്പീക്കർ</u>: പത്തനാപുരത്ത് നടന്ന പൊതുയോഗത്തിൽ സഭയിലെ അംഗവും മുൻ മന്ത്രിയുമായ ശ്രീ. എ. കെ. ബാലനെ ജാതിപറഞ്ഞ് അവഹേളിക്കുകയും വനിതാ വാച്ച് ആന്റ് വാർഡിന് അപമാനമാകുംവിധം സംസാരിക്കുകയും ചെയ്ത ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെയും പ്രതിപക്ഷനേതാവിനെതിരെ പ്രസംഗിച്ച മന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറിനെയും തൽസ്ഥാനങ്ങളിൽനിന്നും നീക്കംചെയ്യാതെ സംരക്ഷിക്കുന്ന സർക്കാർ നിലപാടുമൂലം സംജാതമായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): പത്തനാപുരത്ത് മന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാർ നടത്തിയ പ്രസംഗത്തിലെ ചില പരാമർശം സംബന്ധിച്ച് സഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ ഇത് സർക്കാരിന്റെ നയമല്ലെന്നും സർക്കാരിലെ ഒരു മന്ത്രി ഇങ്ങനെ പറഞ്ഞതിൽ ഖേദമുണ്ടെന്നും മന്ത്രി ഖേദം പ്രകടിപ്പിക്കുന്നതാണെന്നും പറഞ്ഞെങ്കിലും മന്ത്രിയെ ഖേദം പ്രകടിപ്പിക്കാൻ

അനുവദിക്കാത്ത സമീപനമാണ് അന്ന് പ്രതിപക്ഷം സ്വീകരിച്ചത്. തെറ്റ് വന്നാൽ അത് തെറ്റാണെന്ന് പറയാനും പിൻവലിക്കാനും ജനങ്ങളോട് മാപ്പ് പറയാനും തയ്യാറാണ്. ശ്രീ. പി. സി. ജോർജിന്റെ പരാമർശം സംബന്ധിച്ച് അദ്ദേഹത്തിന്റെ വിശദീകരണം കേട്ടതിനുശേഷം തൃപ്തികരമാണെങ്കിൽ പ്രതിപക്ഷം ഈ പ്രശ്നം അവസാനിപ്പിക്കാൻ തയ്യാറാകണം. പത്തനാപുരം പോലീസ് സ്റ്റേഷനിൽ ശ്രീ. പി.സി. ജോർജിനെതിരെ കൊടുത്ത പരാതിയുടെ കോപ്പിയിൽ ശ്രീ. എ.കെ. ബാലനെ ജാതിപ്പേര് വിളിച്ച് അപമാനിച്ചു എന്ന പരാമർശമില്ലാത്തതിനാൽ കേസെടുത്തിട്ടില്ല. ഇതുസംബന്ധിച്ച് കോടതിയി ലുള്ള കേസിൽ കോടതിയാണ് തീരുമാനമെടുക്കേണ്ടത്. ഗവണ്മെന്റിന് കിട്ടി യിരിക്കുന്ന ഉപദേശമനുസരിച്ച് പട്ടികജാതി എന്നുപറയുന്നത് ഭരണഘടനാ ഷെഡ്യൂളിൽ ഉൾക്കൊള്ളിച്ച പേരാണ്. പട്ടികജാതി എന്ന വാക്കുപയോഗിച്ച തിന്റെ പേരിൽ കേസെടുക്കാൻ കഴിയില്ല, കേസെടുക്കണമെങ്കിൽ അപമാനി ക്കപ്പെടുന്ന ആളിന്റെ സാന്നിദ്ധ്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പ്രത്യേക ഘടകത്തിന്റെ പേര് വിളിക്കണമായിരുന്നു. ഗവണ്മെന്റിന് നിയമപര മായിട്ടുമാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. നായനാർ വേഴ്സസ് ഡോ.എം.എ. കുട്ടപ്പൻ കേസിൽ, ഇ.കെ. നായനാർ യോഗത്തിൽ പരസ്യമായി ജാതിപ്പേര് പറയുന്ന അവസരത്തിൽ ഡോ. എം.എ. കുട്ടപ്പന്റെ സാന്നി ദ്ധ്യമില്ലാത്തതുകൊണ്ടാണ് കേസ് തള്ളിക്കളഞ്ഞത്. വനിതാ വാച്ച് ആന്റ് വാർഡിനെക്കുറിച്ചുള്ള പരാമർശം സംബന്ധിച്ച് അടിയന്തരപ്രമേയവേളയിൽ ചെയറിന്റെ റൂളിംഗ് വന്നതോടുകൂടി ആ ചാപ്റ്റർ അവസാനിച്ചു. ബഹുമാന പ്പെട്ട സ്പീക്കറുടെ റൂളിംഗ് എല്ലാവർക്കും ബാധകമാണ്. സഭയുമായി ബന്ധ പ്പെട്ട ഒരു കേസിന്റെ വിധി വന്ന സാഹചര്യത്തിൽ ശ്രീ. പി.സി. ജോർജിന്

പറയാനുള്ളത് കേട്ടതിനുശേഷം പ്രശ്നം പരിഹരിക്കാൻ പ്രതിപക്ഷം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 27-10-2011-ന് പത്തനാപുരത്ത് നടന്ന പൊതുയോഗത്തിലാണ് ഗവണ്മെന്റ് ചീഫ് വിപ്പ് പ്രതിപക്ഷാംഗമായ ശ്രീ. എ.കെ. ബാലനെ പൊതുജനമദ്ധ്യത്തിൽ ജാതിപ്പേരുവിളിച്ച് അവഹേളിച്ചത്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ചർച്ചയിൽ പങ്കെടുത്തുകൊണ്ടിരിക്കെ ശ്രീ. എ.കെ. ബാലൻ മി. ഗണേഷ് എന്ന് അഭിസംബോധന നടത്തിയെന്ന് പറഞ്ഞുകൊണ്ടാണ് ചീഫ് വിപ്പ് അത്തരം ഒരു പരാമർശം നടത്തിയത്. സഭാംഗമായ ശ്രീ. എ.കെ. ബാലനെ അപമാനിക്കാൻ നടത്തിയ ബോധപൂർവ്വമായ ശ്രമമാണിത്. ശ്രീ. പി.സി. ജോർജ് ആരോപിക്കുന്നതുപോലെ മി. ഗണേഷ് എന്ന് അഭിസംബോധന ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ അതിൽ യാതൊരു തെറ്റുമില്ല. തൊട്ടുകൂടായ്മ ഭരണഘടനപ്രകാരം നിരോധിച്ച സാഹചര്യത്തിൽ സർക്കാരിന്റെ പ്രതിനിധിയായ ചീഫ് വിപ്പിന് അതിന് വിരുദ്ധമായി പ്രസംഗിക്കാൻ അധികാരമില്ല; 1989-ലെ എസ്.സി./എസ്.റ്റി. അട്രോസിറ്റീസ് പ്രിവൻഷൻ ആക്ട് പ്രകാരം കുറ്റകരമാണ്. മന്ത്രിമാർക്കും ചീഫ് വിപ്പിനും എന്തും ചെയ്യാമെന്ന സ്ഥിതിലേക്ക് എത്തുന്നത് ശരിയല്ല. ചീഫ് വിപ്പ് നടത്തിയ ആക്ഷേപകരമായ പ്രസംഗം ശ്രീ. എ.കെ.ബാലൻ ടെലിവിഷനിലൂടെ നേരിട്ട് കണ്ടതിനാൽ ഇ.കെ.നായനാർ Vs എം.എ.കുട്ടപ്പൻ കേസിലെ ഹൈക്കോടതി വിധി അപ്രസക്തമാണ്. അതുകൊണ്ട് അപമാനിക്കപ്പെട്ട ആളിന്റെ മുമ്പിൽ വച്ച് ജാതിപ്പേര് വിളിച്ചിട്ടില്ലെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാദഗതി നിലനിൽക്കുന്നതല്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള നിയമ

ഉപദേശം തെറ്റാണ്. 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരവും ഗവൺമെന്റ് ചീഫ് വിപ്പിന്റെ പ്രസ്താവന കുറ്റകരമാണ്. ഈ വിഷയത്തിൽ എസ്.സി./എസ്.റ്റി ദേശീയ കമ്മീഷൻ ഇടപെട്ട് കേസ് എടുക്കാത്തതെന്താണെന്ന് ആരാഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. പി.സി. ജോർജിനെതിരെ സ്വമേധയാ കേസെടുക്കുകയും ചീഫ് വിപ്പ് പദവിയിൽ നിന്ന് ഒഴിവാക്കുകയും വേണം. ചീഫ് വിപ്പ് വനിതാ പോലീസുകാരിയെ അപമാനിക്കുന്നതരത്തിൽ പ്രസംഗിച്ചത് ഐ.പി.സി. 294-നും കേരള പോലീസ് ആക്ടിനും വിരുദ്ധമാണ്. റൂളിംഗ് നൽകിയതോടെ ഈ പ്രശ്നം അവസാനിക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം അംഗീകരിക്കുന്നു. ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്ത ഗവൺമെന്റ് ചീഫ് വിപ്പിനെ നിയമസഭയിൽ നിന്ന് സസ്പെന്റ് ചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കർ തയ്യാറാകണം. കഴിഞ്ഞ ദിവസം ശ്രീ. കെ.ബി.ഗണേഷ് കുമാർ പ്രതിപക്ഷ നേതാവിനെക്കുറിച്ച് നടത്തിയ പരാമർശത്തിൽ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചതും മാപ്പ് പറഞ്ഞതും അംഗീകരിക്കുന്നു. എന്നാൽ അതിനുശേഷം പുറത്ത് പത്രസമ്മേളനം നടത്തി ഗവൺമെന്റ് ചീഫ് വിപ്പ് പറഞ്ഞത് അംഗീകരിക്കാൻ കഴിയില്ല. ശ്രീ. കെ.ബി.ഗണേഷ് കുമാർ കണ്ടീഷണലായിട്ടാണ് ഖേദപ്രകടനം നടത്തിയത്. മുഖ്യമന്ത്രിയുടെ നിലപാടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന മന്ത്രിയും ചീഫ് വിപ്പും ആ സ്ഥാനങ്ങളിൽ തുടരുന്നത് ശരിയല്ല. അവർക്കെതിരെ നിയമാനുസൃതമായി കേസ്സെടുക്കണം. നിയമസഭാംഗങ്ങളുടെ പെരുമാറ്റ ചട്ടം 50 പ്രകാരം ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ നടപടിയെടുക്കാൻ ബഹുമാനപ്പെട്ട ചെയറിനും അധികാരമുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പട്ടികജാതി എന്നത് ജാതിപ്പേരായി കണക്കാക്കിയിട്ടില്ലാത്തതിനാൽ ജാതിപ്പേര് വിളിച്ച് അപമാനിച്ചു എന്നുള്ളതിന് നിയമപരമായി നടപടി എടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇ.കെ. നായനാർ Vs ഡോ. എം. എ. കുട്ടപ്പൻ കേസ് കാലഹരണപ്പെട്ടു എന്നുപറയുന്നത് ശരിയല്ല. തെറ്റ് എവിടെയുണ്ടെങ്കിലും തുറന്ന് സമ്മതിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്. ഗവൺമെന്റിന് നിയമപരമായി മാത്രമേ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. നിയമസഭാ സാമാജികനും മുൻമന്ത്രിയുമായ ശ്രീ. എ. കെ. ബാലനോട് ബഹുമാനവും സ്നേഹവുമാണുള്ളത്. ശ്രീ. പി.സി. ജോർജിന്റെ പരാമർശത്തെ ഗവൺമെന്റ് ന്യായീകരിക്കുന്നില്ല. ബഹുമാന്യരായ പല വ്യക്തികൾക്കുമെതിരെ ഇടതുപക്ഷ നേതാക്കൻമാർ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളും പദപ്രയോഗങ്ങളും നാളിതുവരെ പിൻവലിക്കുകയോ അതിൽ മാപ്പ് പറയുകയോ ചെയ്തിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ശ്രീ. എ.കെ. ബാലനെക്കുറിച്ച് മുഖ്യമന്ത്രി സ്നേഹത്തോടെ സംസാരിച്ചെങ്കിലും അദ്ദേഹത്തെ പട്ടികജാതിക്കാരനെന്ന് വിളിച്ച ശ്രീ. പി.സി.ജോർജിനെ ന്യായീകരിക്കുകയാണ് ചെയ്തത്. ശ്രീ. പി.സി. ജോർജിന്റെ പരാമർശങ്ങളോടുള്ള ഗവൺമെന്റിന്റെ നിലപാടിനോട് പ്രതിപക്ഷത്തിന് യോജിക്കാൻ സാധ്യമല്ല. സഭ നിറുത്തിവച്ച് ചർച്ച ചെയ്താൽ ഇരുഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ അറിഞ്ഞശേഷം ബഹുമാനപ്പെട്ട സ്പീക്കർക്ക് നിലപാട് സ്വീകരിക്കാൻ

സാധിക്കും. മുഖ്യമന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ പ്രതിപക്ഷം സീറ്റിലിരുന്നു പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സീറ്റിലിരുന്ന് മുദ്രാവാക്യങ്ങൾ മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 10.20-ന് സഭ നിറുത്തിവയ്ക്കുകയും 11.10-ന് വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

അറിയിപ്പ്

മി. സ്പീക്കർ : ഷെഡ്യൂൾ ചെയ്ത പ്രകാരം ഈ സഭാസമ്മേളനം ഇന്ന് അവസാനിക്കേണ്ടതാണ്. ധാരാളം വിഷയങ്ങൾ ഇന്നത്തെ അജണ്ടയിൽ ചേർത്തിട്ടുമുണ്ട്. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റ് നേതാക്കളും ഉന്നയിച്ച വിഷയങ്ങൾ ബന്ധപ്പെട്ടവരുമായി ചെയർ ദീർഘനേരം ചർച്ച ചെയ്തെങ്കിലും ഒരു മീറ്റിംഗ് പോയിന്റിൽ എത്തിച്ചേരാൻ കഴിഞ്ഞില്ലെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : മീറ്റിംഗ് പോയിന്റിൽ എത്താൻ കഴിഞ്ഞില്ലെന്ന് ചെയർ ഇവിടെ പ്രസ്താവിച്ചു. ശ്രീ. പി.സി. ജോർജ് നടത്തിയ പരാമർശങ്ങൾ നിരുപാധികം പിൻവലിക്കാൻ അദ്ദേഹവും ഭരണകക്ഷിയും തയ്യാറല്ല എന്ന നിലപാട് യാതൊരു കാരണവശാലും അംഗീകരിക്കാൻ സാധ്യമല്ല എന്നറിയിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സീറ്റ് വിട്ട് വെല്ലിനടുത്ത് വന്ന് കൂട്ടംകൂടി നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനും

സസ്പെന്റ് ചെയ്തതായി അറിയിച്ചശേഷം ബഹുമാനപ്പെട്ട സ്പീക്കർ കാര്യ വിവരപ്പട്ടികയിലെ അടുത്ത നടപടിയിലേക്ക് കടന്നു.)

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി IV,VI,VIII, IX,X, XIII, XIV എന്നിവയുടെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

2011-ലെ ശമ്പളവും ബത്തകളും നൽകൽ (2-ാം ഭേദഗതി) ബില്ലും 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഇന്ന് പരിഗണിക്കേണ്ടതില്ല എന്ന ഭേദഗതിയോടെ കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

(1) നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ 2011-ലെ കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ (ഭേദഗതി)

ചട്ടങ്ങൾക്കും കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ചട്ടങ്ങൾക്കും നൽകിയ ഭേദഗതികൾ പരിഗണനയ്ക്കെടുത്തില്ല.

(2) 2011-ലെ കേരള പേപ്പർ ലോട്ടറീസ് ഭേദഗതി ചട്ടങ്ങൾക്ക് നൽകിയ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സബ്ജക്ട് കമ്മിറ്റി പരിഗണനാവേളയിൽ കുടുംബ സംബന്ധമായ കരണങ്ങളിൽനിന്ന് വിട്ടുപോയ റിലീസ് ഡീഡ്, സെൻട്രൽ പോലീസ് കാന്റീൻ വഴി വിൽക്കുന്ന സാധനങ്ങൾക്ക് ടാക്സ് ഇളവ്, രാസവള ങ്ങളെ വാറ്റ് നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കൽ എന്നിവകൂടി ബില്ലിൽ ചേർത്തിട്ടുണ്ട്. കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കുന്ന സ്വർണ്ണ വ്യാപാരികൾ ടാക്സ് പിരിക്കാൻ പാടില്ലെന്ന ഒറിജിനൽ ബില്ലിലെ വ്യവസ്ഥ, സബ്ജക്ട് കമ്മിറ്റി ശുപാർശപ്രകാരം അവരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് പരമാവധി 1.25 ശതമാനം വരെ പിരിക്കാമെന്നും കോമ്പൗണ്ട്

ചെയ്യുന്നതിനേക്കാൾ കൂടുതലാണെങ്കിൽ അധികം പിരിച്ച ടാക്സ് കൂടി അടയ്ക്കണമെന്നും ഭേദഗതി ചെയ്തിട്ടുണ്ട്. ലാപ്സായ ബിൽ അനുസരിച്ച് നടത്തിയ കാര്യങ്ങൾ സാധൂകരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്റ്റിന്റെ ഡിക്ലറേഷൻ അനുസരിച്ചാണ് ബില്ലിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവന്ന് നികുതി ഈടാക്കിയിരിക്കുന്നത്. പല വ്യവസ്ഥകൾക്കും മുൻകാലപ്രാബല്യം നൽകേണ്ടതിനാൽ ബില്ലിന്റെ commencement clause-ന് ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്.

(വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പാലോട് രവി : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## വകുപ്പുതിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

116, 118, 119, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

3-ാം വകുപ്പ്

123, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

4-ാം വകുപ്പ്

125, 131, 135, 136, 141 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

5-ാം വകുപ്പ്

146, 149, 151, 153 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

6-ാം വകുപ്പ്

154, 155, 156, 157, 158, 159, 160, 161, 162, 163 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

7-ാം വകുപ്പ്

164, 165 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

8-ാം വകുപ്പ്

മന്ത്രി 174-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(174) The sixth proviso to Section 6 (5) of the Kerala Value Added Tax Act, 2003, proposed to be inserted by clause 8 (2) (iii) (d) shall be recast as follows:-

“Provided also that dealers covered under this sub-section whose total turnover for a year is below Rupees Twenty Lakhs, may pay a

lumpsum amount of Rupees Two Thousand annually as presumptive tax, and the payment shall be at the rate of Rupees Five Hundred per quarter along with a statement as may be prescribed. Such dealers shall also file an annual declaration as may be prescribed''.

166, 168, 178, 179, 180, 181, 183, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

10-ാം വകുപ്പ്

191-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

11-ാം വകുപ്പ്

195-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(110) For sub-section (2) of section 1, the following sub-section shall be substituted, namely:-

" (2) Save as otherwise provided in this Act,-

(i) clause (ii) of sub-section (2) and sub-clause (f) of clause (i) of sub-section (12) of section 8 shall deemed to have come into force on the 1st day of April, 2005;

(ii) sub-section (7) and sub-clause (g) of clause (ii) of sub-section (12) of section 8 shall be deemed to have come into force on the 1st day of April, 2007;

(iii) sub-clause (e) of clause (ii) of sub-section (3) of section 8 shall be deemed to have come into force on the 1st day of April, 2010;

(iv) section 2, clause (i) of sub-section (3) of section 4, sub-sections (1), (2), (3) and (4) of section 5, sub-sections (1), (2), (3), (4) and (6) of section 6 and sub-section (1), item (ii) of sub-clause (b), sub-clauses (c) and (d) of clause (i), sub-clauses (d) of clause (iii) of sub-section (2), sub-clauses (a), (b), (c) and (d) of clause (ii) of sub-section (3), sub-sections (4), (5), (6), (8) and (10), clause (i) of sub-section (11), sub-clauses (b), (c) and (e) of clause (i), sub-clauses (a), (c), (d), (e) and (f) of clause (ii) of sub-section (12) of section 8 shall be deemed to have come into force on the 1st day of April, 2011;

(v) section 3, sub-sections (1), (2), (4) of section 4, sub-section (5) of section 6, section 7, sub-clause (a), item (i) of sub-clause (b) of clause (i) and sub-clauses (a), (b) and

(c) of clause (iii) of sub-section (2), sub-section (9), clause (ii) of sub-section (11), sub-clauses (a) and (d) of clause (i), sub-clause (b) of clause (ii) of sub-section (12) of section 8, sections 9, 10 and 11 shall be deemed to have come into force on the 19th day of July, 2011;

(vi) the remaining provisions of this Act shall come into force at once.''

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2011-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഇന്ന് ഉച്ചയ്ക്കുശേഷമുള്ള ബിസിനസ്സുകൂടി രാവിലെ എടുത്ത് ചർച്ച ചെയ്യണമെന്ന നിർദ്ദേശം വയ്ക്കുന്നു.

മി. സ്പീക്കർ : നിർദ്ദേശം അംഗീകരിച്ചിരിക്കുന്നു.

**<u>ധനകാര്യം</u>**

**<u>2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളേയും 1993-94, 1995-96, 1996-97, 1997-98, 2002-03, 2003-04, 2004-05, 2005-06, 2006-07, 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും</u>**

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>) : 1360 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് അവതരിപ്പിച്ചിരിക്കുന്നത്. 11,030 കോടി രൂപയായിരുന്ന വാർഷിക പദ്ധതി 12,010 കോടിയായി വർദ്ധിപ്പിച്ചതിനുള്ള കമ്മിറ്റ്മെന്റ് ഏറ്റെടുക്കുകയും സപ്ലിമെന്ററി ഡിമാന്റിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. അരി വിതരണം, കുട്ടനാട്-ഇടുക്കി പാക്കേജുകൾ, മലയോര വികസന അതോറിറ്റി, കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവള വികസനം, വിഴിഞ്ഞം തുറമുഖ പദ്ധതി, ഹൈസ്പീഡ് റെയിൽവേ, പി.എം.ജി.എസ്.വൈ., എൻ.ആർ.ഇ.ജി.പി., ശമ്പളം, ടൂറിസം, മെഡിക്കൽ കോളേജുകളുടെ വികസനം, എസ്.സി./എസ്.ടി. ക്ഷേമപദ്ധതികൾ, കെ.എസ്.ഇ.ബി.ക്കും കെ.എസ്.ആർ.ടി.സി.ക്കുമുള്ള വിഹിതം, ഇൻകെൽ, ഗവൺമെന്റ് സർവ്വന്റ്സ് തുടങ്ങി പ്രധാന ചെലവുകൾക്കുള്ള ഉപധനാഭ്യർത്ഥനകളാണ് അവതരിപ്പിച്ചിരിക്കുന്നത്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

1993-94, 1995-96, 1996-97, 2002-03, 2003-04, 2004-05, 2005-06, 2006-07, 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളും ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.52-ന് പിരിഞ്ഞു.

@@@@@@